"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ - വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.106/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/01/2022

---

പരാമർശം:-

(1) കെ.എസ്.ഐ.ഡി.സി. പ്രോജക്ട് ഡയറക്ടർ, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് ലഭ്യമാക്കിയ 14.07.2021-ലെ KSIDC/TVM/WtE/2021/722(B) നമ്പർ കത്ത്.

(2) കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ 11.11.2021-ലെ 11-ാം നമ്പർ കൗൺസിൽ തീരുമാനം.

(3) കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 07.12.2021-ലെ CSSS1-43444/21 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയുടെ അധീനതയിലുള്ള കരീപ്പുഴ ചണ്ടിഡിപ്പോയിൽ വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.ക്ക് 7.05 ഏക്കർ സ്ഥലം കൈമാറിയിട്ടുള്ളതാണ്. ടി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൈമാറിയ സ്ഥലത്തിനോട് ചേർന്ന് എട്ട് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമി കൂടി ഏറ്റെടുത്ത് നൽകണമെന്ന് കെ.എസ്.ഐ.ഡി.സി. പ്രോജക്ട് ഡയറക്ടർ പരാമർശം (1) പ്രകാരം കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലങ്ങൾ കൂടി ഏറ്റെടുക്കുന്നതിന് പരാമർശം (2) പ്രകാരം കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

(2) പ്രസ്തുത സ്ഥലങ്ങൾ ഏറ്റെടുത്ത് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കൊല്ലം ജില്ലാ കളക്ടറോട് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിലേയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി കൂടി ലഭ്യമാക്കേണ്ടതുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചിരുന്നു. ഈ സാഹചര്യങ്ങൾ പരിഗണിച്ച് പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കാവശ്യമായ അനുബന്ധമായി

ചേർത്തിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എട്ട് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 22.38 ആർസ് ഭൂമി അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിലേക്ക് നഗരസഭയ്ക്ക് അനുമതി നൽകണമെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം നഗരസഭയുടെ അധീനതയിലുള്ള കുരീപ്പുഴ ചണ്ടിഡിപ്പോയിൽ വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.ക്ക് കൈമാറിയ 7.05 ഏക്കർ സ്ഥലത്തിനോട് ചേർന്നുള്ളതും അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ എട്ട് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 22.38 ആർസ് ഭൂമി അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിലേക്ക് നഗരസഭയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം.
സെക്രട്ടറി, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I)/ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.
റവന്യൂ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (WtE Project) പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.